# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.647** **10/07/2014-ൽ മറുപടിക്ക്**

## ടേർഷ്യറി കാൻസർ കെയർ പദ്ധതി

**ചോദ്യം**

ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സാജു പോൾ
" എ. എം. ആരിഫ്
" എം. ഹംസ

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ടേർഷ്യറി കാൻസർ കെയറിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയുടെ വിവരം നൽകാമോ ; ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് അറിയിക്കുമോ ; | (എ) | ടേർഷ്യറി ക്യാൻസർ കെയർ പദ്ധതിയിൻ കീഴിൽ ആർ.സി.സി.യെ ഒരു സ്റ്റേറ്റ് ക്യാൻസർ ഇൻസ്ററിററ്യൂട്ടായി ഉയർത്തുന്നതിലേയ്ക്കായി ഒരു പ്രോജക്ട് പ്രോപ്പോസൽ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തിരുവനന്തപുരം ആർ.സി.സി.ക്ക് 120 കോടി രൂപ അനുവദിച്ചു നൽകുകയും ആർ.സി.സി.യെ ഒരു സ്റ്റേറ്റ് ക്യാൻസർ ഇനസ്റ്റിറ്റ്യൂട്ടായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സഹായമായി ലഭിച്ച 120 കോടി രൂപ പുതുതായി യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനും നിലവിലുള്ള ആർ.സി.സി. കെട്ടിടത്തിന്റെ നവീകരണത്തിനുമായി നീക്കി വച്ചിരിക്കുകയാണ്.<br><br>കേരളത്തിലെ അർബുദ രോഗ ചികിത്സാ കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തി ടേർഷ്യറി കാൻസർ കെയർ സെന്ററുകളായി ഉയർത്തുന്നതിന് കേന്ദ്ര സർക്കാർ എൻ.പി.സി.ഡി.എസ്. പദ്ധതിയിലൂടെ തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ, തലശ്ശേരി, കോട്ടയം മെഡിക്കൽ കോളേജ്, ആലപ്പുഴ മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങൾക്ക് 4.8 കോടി രൂപ വീതം അനുവദിക്കുകയുണ്ടായി. ഈ ഫണ്ട് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, അത്യാധുനിക സാങ്കേതിക മികവുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും ഉദ്ദേശിച്ചുള്ളതാണ്.<br><br>കൊച്ചിയിൽ ഒരു കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി വിഭാഗത്തിൽ ലീനിയർ ആക്സിലേറ്റർ സ്ഥാപിച്ചിട്ടു ണ്ട്.<br>തിരുവനന്തപുരത്ത് മിഷൻ "676" പദ്ധ തിയിൽ ഉൾപ്പെടുത്തി ലീനിയർ ആക്സിലേറ്റർ വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>റേഡിയോതെറാപ്പി പ്ലാനിംഗ് ചെയ്യുവാനാവശ്യമായ സിമുലേറ്റർ നിലവിൽ കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളിൽ ലഭ്യമാണ്. തിരുവനന്തപുരത്തും, തൃശൂരും വാങ്ങുവാനുള്ള നടപടികൾ പു രോഗമിക്കുന്നു.<br>തിരുവനന്തപുരത്ത് എച്ച് ഡി ആർ ബ്രാക്കി തെറാപ്പിയും ട്രീറ്റ്മെന്റ് പ്ലാനിംഗ് സിസ്റ്റവും വാങ്ങുവാനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി. മററ് മെഡിക്കൽ കോളേജുകളിൽ നിലവിൽ ഈ സംവിധാനം ഉണ്ട്.<br>കാൻസർ ചികിൽസയ്ക്ക് ആവശ്യമായ കീമോതെറാപ്പി ഹോർമോൺ തെറാപ്പി എന്നിവ സൗജന്യമായി രോഗികൾക്ക് ലഭ്യമാക്കുന്നു. കാരുണ്യ ബെനവലന്റ് സ്കീം, കാൻസർ സുരക്ഷാ സ്കീം എന്നിവ വഴി കാൻസർ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കുന്നു. |
| (ബി) | അർബുദ രോഗ ബോധവൽക്കരണത്തിനും രോഗ നിർണ്ണയത്തിനുമായി പ്രഖ്യാപിച്ച പരിപാടി പ്രാവർത്തികമായോ എന്ന് അറിയിക്കുമോ ? | (ബി) | അർബുദ രോഗ ബോധവൽക്കരണത്തിനും രോഗ നിർണ്ണയത്തിനുമായി 2014 ഫെബ്രുവരി മാസം കേരള ആരോഗ്യ വകുപ്പും NRHM-ഉം ചേർന്ന് ഒരു സമഗ്ര കാൻസർ നിയന്ത്രണ പദ്ധതി (Kerala Campaign Against Cancer)ക്ക് തുടക്കമിട്ടു. ടി കർമ്മ പദ്ധതിക്ക് തുടക്കം കുറിച്ചുകൊണ്ട് ലഘുലേഖകൾ തയ്യാറാക്കുകയും NRHM-ന്റെ കീഴിലുള്ള ഡോക്ടർമാർക്കും, നഴ്സുമാർക്കും കാൻസർ ബോധവൽക്കരണവും കാൻസർ സ്ക്രീനിംഗിനെ സംബന്ധിച്ച് പരിശീലനവും നൽകിക്കഴിഞ്ഞു. ഇപ്രകാരം പരിശീലനം ലഭിച്ച ഡോക്ടർമാരും നഴ്സുമാരും അവരവർ ജോലി ചെയ്യുന്ന ആരോഗ്യ കേന്ദ്രം വഴി കേരളാ ഹെൽത്ത് സർവ്വീസസുമായി യോജിച്ച് തുടർ പരിപാടികൾ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.<br>ഫീൽഡ് തലത്തിൽ തന്നെ രോഗ നിർണ്ണയം നടത്തുന്നതിനും ചികിത്സ ആരംഭിക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതിയായ 'കാൻസറിനെതിരെ |

| | | | |
|---|---|---|---|
| | | | കേരളം' എന്ന പദ്ധതി ലോക കാൻസർ ദിനമായ ഫെബ്രുവരി 4-ാം തീയതി ഈ പദ്ധതിയുടെ ആദ്യ ഘട്ടം ആറു ജില്ലകളിലായി ആരംഭിക്കുകയുണ്ടായി. കേന്ദ്രാവിഷ്കൃത ജീവിതശൈലീ രോഗനിയന്ത്രണങ്ങളുടെ ഭാഗമായ എൻ.പി.സി.ഡി.എസ്സ്. നിലവിലുള്ള അഞ്ച് ജില്ലകളിലും തിരുവനന്തപുരത്തുമാണ് ഈ പദ്ധതി ആരംഭിച്ചത്. പ്രാരംഭ നടപടികളായി ഡോക്ടർമാരുടെയും, സ്റ്റാഫ് നഴ്സുമാരുടെയും ട്രെയിനിംഗ് ഇതിനോടൊപ്പം പൂർത്തിയായിക്കഴിഞ്ഞു. ഈ പദ്ധതിയ്ക്കാവശ്യമായ മൊഡ്യൂളുകൾ, സോഫ്റ്റ്‌വെയർ എന്നിവ തയ്യാറാക്കുകയും ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്തു.<br><br>തൃശൂർ മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ കാൻസർ ബോധവൽക്കരണത്തിനും രോഗ നിർണ്ണയത്തിനുമായി കഴിഞ്ഞ മൂന്ന് വർഷമായി പരിപാടികൾ നടത്തിവരുന്നു. തൃശൂർ ഡി.എം.ഒ.യു ടെയും എൻ.ആർ.എച്ച്.എം.ന്റെയും പങ്കാളിത്തത്തോടെയാണ് തൃശൂർ, പാലക്കാട് ജില്ലകളിലായി പരിശോധനാ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും നടത്തിയിട്ടുള്ളത്. 2013-14 വർഷത്തിൽ 34 ഓളം കാൻസർ ക്യാമ്പുകളും 22 കാൻസർ ബോധവൽക്കരണ സെമിനാറുകളും നടത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ